(ബി) തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിൽ വൻതോതിൽ നിലം നികത്തുവാൻ ആർ.ഡി.ഒ. ഉത്തരവ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

നിലം നികത്തിയവർക്കെതിരെ നടപടി

105 (4736) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള വില്ലേജ് ഓഫീസിന്റെ പരിധിയിലുള്ള ബ്ലോക്ക് നമ്പർ 35-ൽ തണ്ടപ്പേർ നമ്പർ 328 സർവ്വേ നമ്പർ 51/1-ൽ 00.07.00, 51/2-ൽ 00.09.40. ആർ നിലം മണ്ണിട്ടു നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിലം നികത്തിയതു സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ;

(സി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് പ്രസ്തുത നിലം നികത്തുന്നതിന് ജില്ലാ കലക്ടർ അദ്ധ്യക്ഷനായ സമിതി അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) അനുമതി ഇല്ലാതെയാണ് നികത്തിയതെങ്കിൽ പ്രസ്തുത നിലം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത നിലം നികത്തിയവർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ ; ഇവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഒരു സമിതിയില്ല.

(ഡി&ഇ) വില്ലേജ് ഓഫീസറുടേയും കൃഷി ഓഫീസറുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ ഭൂമി പൊന്നും വിലകൊടുക്കൽ നിയമം

106(4737) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ ഭൂമി പൊന്നും വിലകൊടുക്കൽ നിയമം നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വെക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) നിലവിൽ നടപടികൾ പുരോഗമിച്ച കേസുകൾ നിർത്തിവെച്ചിട്ടുണ്ടോ;

(സി) കേരളത്തിൽ തദ്ദേശസ്വതമായ ചട്ടങ്ങൾ എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാലഹരണപ്പെട്ട കേസ്സുകൾ ഒഴികെ പൊന്നുംവില നടപടികൾ നിർത്തിവച്ചിട്ടില്ല.

(സി) പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാരണ ഗസറ്റിൽ (നമ്പർ 2890 വാല്യം 3) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയിട്ടുണ്ട്. ടി തീയതിയ്ക്കുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly